ഉത്തരം

(എ-സി) നിലവിൽ പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ നവീകരണം

274 (4025) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറിയശേഷം ചെങ്ങന്നൂർനിയോജക മണ്ഡലത്തിൽ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനും നിർമ്മാണത്തിനുമായി എത്ര തുക ചെലവഴിച്ചുവെന്ന് പഞ്ചായത്ത് തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചത്, പൂർത്തിയാക്കുവാനുള്ളത്, ആരംഭിച്ചിട്ടില്ലാത്തത് എന്നിവ ഏതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിലേറിയശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഗ്രാമീണ റോഡുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

ചെങ്ങന്നൂർ മുനിസിപ്പാലിറ്റി	- 45 ലക്ഷം
തിരുവൻവണ്ടൂർ പഞ്ചായത്ത്	- 31 ലക്ഷം
ആല പഞ്ചായത്ത്	- 10 ലക്ഷം
മുളക്കുഴ പഞ്ചായത്ത്	- 30 ലക്ഷം
മാന്നാർ പഞ്ചായത്ത്	- 30 ലക്ഷം
ചെന്നിത്തല പഞ്ചായത്ത്	- 5 ലക്ഷം
ബുധനൂർ പഞ്ചായത്ത്	- 38 ലക്ഷം
ആകെ	- 189 ലക്ഷം

(ബി) പൂർത്തീകരിച്ചത്:

1. പി. ടി. ഉഷ റോഡ്
2. ഷൈനി എബ്രഹാം റോഡ്
3. തിരുവൻവണ്ടൂർ അമ്പലം ഈരാടിച്ചിറ റോഡ് - കി.മീ. 2 മുതൽ 4 വരെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. തിരുവൻവണ്ടൂർ അമ്പലം ഈരാടിച്ചിറ റോഡ് - കി.മീ. 0 മുതൽ 2 വരെ
5. നെടുവരം കോട് - അക്വഡേറ്റ് റോഡ്
6. കോടംതുരുത്ത് റോഡ്
7. കാഞ്ഞിരംനിൽക്കുന്നതിൽപടി ഭ്രതത്താൻ കുന്ന് - ഗുരുമന്ദിരം റോഡ്
8. മൂർത്തിട്ട - മൂർക്കത്തേരി റോഡ്
9. ചേപ്പുഴത്തിൽ അമ്പലം കുന്നത്തൂർ അമ്പലം റോഡ്
10. മഹാത്മാ റോഡ്
11. ചെറുതിട്ടപ്പടി മല്ലശ്ശേരി റോഡ് 0/000 മുതൽ 0/600 വരെ
12. ചെറുതിട്ടപ്പടി മല്ലശ്ശേരി റോഡ് 0/600 മുതൽ 2/100 വരെ

പൂർത്തിയാക്കാനുള്ളത് - ഇല്ല

ആരംഭിച്ചിട്ടില്ലാത്തത് - ഗവൺമെന്റ് ഹോസ്പിറ്റൽ റോഡ്

ഇതുകൂടാതെ 14-7-2015-ലെ ജി.ഒ. (എം.എസ്) 61/2015/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയ 3.88 കോടി രൂപയുള്ള 45 പ്രവൃത്തികളും ആരംഭിക്കാനുണ്ട്. പ്രസ്തുത റോഡുകളെ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പാലങ്ങൾ

275 (4026) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പാലങ്ങൾ ഏതൊക്കെയെന്നും അവയുടെ നിർമ്മാണ പുരോഗതിയെന്തെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും പൂർത്തീകരിക്കുവാൻ എന്ത് കാലതാമസം ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly